REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

---

**തിയ്യതി: 24-05-2024** **സമയം 06.45 AM**

---

## പ്രധാന വാർത്തകൾ

- ആറാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് നാളെ. 58 മണ്ഡലങ്ങളിൽ പരസ്യപ്രചാരണം ഇന്നലെ വൈകിട്ട് അവസാനിച്ചു.
- സംസ്ഥാനത്ത് തിങ്കളാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
- ആറ് ലക്ഷത്തി 80,000 ത്തോളം വ്യാജ മൊബൈൽ കണക്ഷനുകൾ രാജ്യത്തുണ്ടെന്ന് ടെലികോം വകുപ്പ് കണ്ടെത്തി.
- ഛത്തീസ്ഗഢിൽ സുരക്ഷാസേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഏഴ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു.
- IPL ക്രിക്കറ്റിൽ രണ്ടാം ക്വാളിഫയറിൽ ഇന്ന് രാജസ്ഥാൻ റോയൽസ് സൺറൈസേഴ്സ് ഹൈദരാബാദുമായി ഏറ്റുമുട്ടും.

## വാർത്തകൾ വിശദമായി

**ആറാം ഘട്ട ലോക്സഭാ തിരഞ്ഞെടുപ്പിന്റെ വോട്ടെടുപ്പ് നാളെ. ആറ് സംസ്ഥാനങ്ങളിലെയും, കേന്ദ്രഭരണ പ്രദേശങ്ങളായ ഡൽഹിലെയും, ജമ്മുകശ്മീരിലെയും 58 മണ്ഡലങ്ങളിൽ പരസ്യപ്രചാരണം ഇന്നലെ വൈകിട്ട് അവസാനിച്ചു. ഇന്ന് നിശബ്ദ പ്രചാരണമാണ്.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ**

**.....(വോയ്സ്)..........**

ഉത്തർ പ്രദേശിലെ 14-ഉം, ഹരിയാനയിലെ പത്തും, ബീഹാറിലെയും പശ്ചിമ ബംഗാളിലെയും എട്ട് വീതവും ഡൽഹിയിലെ ഏഴും, ഒഡീഷയിലെ ആറും ജാർഖണ്ഡിലെ നാലും, ജമ്മുകശ്മീരിലെ ഒന്നും മണ്ഡലങ്ങളിലാണ് നാളെ വിധിയെഴുത്ത്.

ഒഡീഷ നിയമസഭയിലേക്ക് മൂന്നാം ഘട്ടത്തിൽ 42 മണ്ഡലങ്ങൾ നാളെ ബൂത്തിലെത്തും. ശേഷിക്കുന്ന 42 മണ്ഡലങ്ങളിൽ നാലാമത്തെയും അവസാനത്തെയും ഘട്ടത്തിൽ ജൂൺ ഒന്നിനാണ് വോട്ടെടുപ്പ്.

ഏഴാമത്തെയും അവസാനത്തെയും ഘട്ടത്തിൽ അടുത്ത മാസം ഒന്നിന് ഏഴ് സംസ്ഥാനങ്ങളിലും, ചണ്ഡിഗഢിലുമായി 57 സീറ്റുകളിൽ വോട്ടെടുപ്പ് നടക്കുന്നതോടെ 18-ാം ലോക്സഭാ തിരഞ്ഞെടുപ്പ് പൂർത്തിയാകും.

115 സീറ്റുകളിലേക്കാണ് ഇനി വോട്ടെടുപ്പ് നടക്കാനുള്ളത്. 543 അംഗ സഭയിൽ 428 മണ്ഡലങ്ങൾ ഇതിനകം വിധിയെഴുതിക്കഴിഞ്ഞു.

ജനവിധി ജൂൺ നാലിന് അറിയാം.

✪✪✪

ഏഴാമത്തെയും അവസാനത്തെയും ഘട്ട വോട്ടെടുപ്പിന് പ്രചാരണം ഊർജ്ജിതമായി. പ്രമുഖ ദേശീയ നേതാക്കൾ പ്രചാരണരംഗത്ത് സജീവമാണ്. പ്രധാനമന്ത്രിയും മുതിർന്ന ബി ജെ പി നേതാവുമായ നരേന്ദ്രമോദി, അമിത്ഷാ തുടങ്ങിയവർ BJP യ്ക്കു വേണ്ടി പ്രചാരണ രംഗത്തുണ്ട്.

രാഹുൽഗാന്ധി, പ്രിയങ്കാഗാന്ധി, മല്ലികാർജ്ജുൻ ഖാർഗെ തുടങ്ങിയവരാണ് കോൺഗ്രസ് പ്രചാരണം നയിക്കുന്നത്.

✪✪✪

ഈ മാസം 20 ന് നടന്ന അഞ്ചാം ഘട്ട വോട്ടെടുപ്പിൽ 62.2 ശതമാനം വോട്ടു രേഖപ്പെടുത്തിയതായി തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 49 ലോക്സഭാ മണ്ഡലങ്ങളിലാണ് അഞ്ചാം ഘട്ടത്തിൽ വോട്ടെടുപ്പ് നടന്നത്.

✪✪✪

മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ കാസർകോട് ലോക്സഭാ മണ്ഡലത്തിൽ സന്ദർശനം നടത്തി. വോട്ടെണ്ണൽ ഒരുക്കങ്ങളെ കുറിച്ച് വരണാധികാരിയായ ജില്ലാ കളക്ടർ K. ഇമ്പശേഖർ, ജില്ലാ പൊലീസ് മേധാവി P. ബിജോയ് തുടങ്ങിയവരുമായി ചർച്ച നടത്തി. വോട്ടെണ്ണൽ കേന്ദ്രമായ പെരിയ കേരള കേന്ദ്ര സർവ്വകലാശാല സന്ദർശിച്ച മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ വിവിധ ബ്ലോക്കുകളിലെ സ്ട്രോംഗ് റൂമുകളും നിരീക്ഷിച്ചു.

✪✪✪

സംസ്ഥാനത്ത് തിങ്കളാഴ്ച വരെ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ശക്തമായ മഴയ്ക്ക് സാധ്യത കണക്കിലെടുത്ത് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ, പാലക്കാട് ജില്ലകളിലും, ലക്ഷദ്വീപിലും മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചിട്ടുണ്ട്.

ഡെസ്ക്ക് റിപ്പോർട്ട്

.....(വോയ്സ്)...........

കേരള- കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മണിക്കൂറിൽ 55 വരെ കിലോമീറ്റർ വേഗത്തിൽ ശക്തമായ കാറ്റ് വീശാനിടയുണ്ടെന്നും, കടലിൽ പോകരുതെന്നും മുന്നറിയിപ്പുണ്ട്. നാളെ രാത്രി 11.30 വരെ കേരള- ലക്ഷദ്വീപ് തീരങ്ങളിൽ മൂന്ന് മീറ്ററിലധികവും, തെക്കൻ തമിഴ്നാട് തീരത്ത് നാല് മീറ്ററിലധികവും ഉയരത്തിൽ തിരമാലകൾക്ക് സാധ്യതയുണ്ടെന്ന് ദേശീയ സമുദ്ര സ്ഥിതി പഠന ഗവേഷണ കേന്ദ്രം അറിയിച്ചു.

ബംഗാൾ ഉൾക്കടലിലും, അറബിക്കടലിലും ന്യൂനമർദ്ദം രൂപം കൊണ്ടതോടെ കേരളത്തിലും ലക്ഷദ്വീപിലും വരുംദിവസങ്ങളിലും തീവ്രമഴയ്ക്ക് സാധ്യതയുണ്ട്. കേരളത്തിൽ സ്ഥിതി ചെയ്തിരുന്ന ചക്രവാതച്ചുഴിയാണ് ന്യൂനമർദ്ദമായത്.

✪✪✪

കൊച്ചിയിൽ ഇന്നലെ രാത്രി തുടർച്ചയായി പെയ്ത മഴയ്ക്ക് രാവിലെ ശമനമായി. കാക്കനാട് മാർ അത്തിനേഷ്യസ് സ്കൂളിൽ ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പിൽ 10 സ്ത്രീകളും നാലു കുട്ടികളും അടക്കം 9 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. കീരോലിമലയിലെ മണ്ണിടിച്ചിലിനെ തുടർന്നാണ് ഇവരെ ദുരിതാശ്വാസ ക്യാമ്പിലേക്ക് മാറ്റിയത്.

✪✪✪

കണ്ണൂർ ജില്ലയിൽ ഇന്നലെ രാത്രി പെയ്ത കനത്ത മഴയിൽ പലയിടത്തും വെള്ളം കയറി. ദേശീയപാത നിർമ്മാണം നടക്കുന്ന ഭാഗങ്ങളിലാണ് വെള്ളക്കെട്ട് രൂക്ഷമായത്. എടക്കാട്, ചാല, എളയാവൂർ പ്രദേശങ്ങളിൽ വെള്ളക്കെട്ട് ഉണ്ട്.

കീഴല്ലൂർ ഡാമിന്റെ ഷട്ടറുകൾ ഭാഗികമായി തുറന്നു.

✪✪✪

കണ്ണൂർ ഫിഷറീസ് സ്റ്റേഷൻ കേന്ദ്രീകരിച്ച് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം തുടങ്ങി. സുരക്ഷാ ബോട്ടുകളുടെയും ലൈഫ്ഗാർഡിന്റെയും സേവനം സജ്ജമാക്കിയിട്ടുണ്ട്.

പഴശ്ശി ജല സംഭരണിയിലെ ജലനിരപ്പ് ഉയരുന്ന സാഹചര്യത്തിൽ ഇനിയൊരറിയിപ്പില്ലാതെ ഷട്ടറുകൾ തുറന്ന് ജലനിരപ്പ് ക്രമീകരിക്കുന്നതാണെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു.

✪✪✪

കാടാച്ചിറ റജിസ്ട്രാർ ഓഫീസിന് സമീപം മണ്ണിടിഞ്ഞ് കണ്ണൂർ - കൂത്തുപറമ്പ് റൂട്ടിൽ ഗതാഗതം തടസ്സപ്പെട്ടു.

തലശ്ശേരി - മാഹി ബൈപ്പാസിലെ സർവ്വീസ് റോഡിൽ മരം വീണ് ഗതാഗത തടസ്സമുണ്ടായി.

✪✪✪

കോഴിക്കോട്, കൊയിലാണ്ടി, താമരശ്ശേരി താലൂക്കുകളിലായി നാല് ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. ജില്ലയിലെ 27 വില്ലേജുകളിൽ മഴക്കെടുതികൾ റിപ്പോർട്ട് ചെയ്തു. വിവിധ ഇടങ്ങളിലായി 27 വീടുകളാണ് ഭാഗികമായി തകർന്നത് .

ബാലുശ്ശേരിയിലും, നന്മണ്ടയിലും വീടുകളിൽ വെള്ളം കയറിയതിനെ തുടർന്ന് 31 കുടുംബങ്ങളെ മാറ്റിപ്പാർപ്പിച്ചു. പനങ്ങാട് മഴക്കെടുതിയെ തുടർന്ന് മൂന്ന് കുടുംബങ്ങളെ അങ്കണവാടിയിലേക്ക് മാറ്റി.

✪✪✪

കനത്തമഴയിൽ പൊന്നാനിയിലെ റോഡിലും പറമ്പുകളിലും വെള്ളക്കെട്ടുയരുന്നു. പൊന്നാനി ഹാർബറും പരിസരവും വെള്ളക്കെട്ടിലായി.

എടക്കര ടൗണിൽ വെള്ളക്കെട്ടിനെത്തുടർന്ന് ഏറെനേരം ഗതാഗതം തടസ്സപ്പെട്ടു.

✪✪✪

വ്യാജവും അസാധുവായതുമായ ആറ് ലക്ഷത്തി 80,000 ത്തോളം മൊബൈൽ കണക്ഷനുകൾ രാജ്യത്തുണ്ടെന്ന് ഗവൺമെന്റ് കണ്ടെത്തി. സാധുവല്ലാത്തതും നിലവിലില്ലാത്തതുമായ വ്യാജ തിരിച്ചറിയൽ രേഖകളും, KYC രേഖകളും ഉപയോഗിച്ചാണ് ഈ കണക്ഷനുകൾ എടുത്തതെന്ന് സംശയിക്കുന്നതായി ടെലി കമ്മ്യൂണിക്കേഷൻസ് വകുപ്പ് അറിയിച്ചു.

ഈ മൊബൈൽ നമ്പറുകൾ ഉടൻ പുനഃപരിശോധന നടത്താൻ സേവന ദാതാക്കളോട് വകുപ്പ് നിർദേശിച്ചു. പുനഃപരിശോധന പൂർത്തിയാക്കുന്നതിൽ പരാജയപ്പെടുന്ന മൊബൈൽ നമ്പറുകളുടെ കണക്ഷൻ വിച്ഛേദിക്കുമെന്നും ടെലികോം വകുപ്പ് അറിയിച്ചു. വിവിധ മേഖലകളുമായി സഹകരിച്ചും AI സാങ്കേതിക വിദ്യ ഉപയോഗിച്ചുമാണ് വ്യാജകണക്ഷനുകൾ കണ്ടെത്തിയത്.

✪✪✪

ഛത്തീസ്ഗഢിൽ സുരക്ഷാ സേനയുമായുണ്ടായ ഏറ്റുമുട്ടലിൽ ഏഴ് മാവോയിസ്റ്റുകൾ കൊല്ലപ്പെട്ടു. നാരായൺപൂർ, ബസ്തർ, ദന്തേവാഡ ജില്ലകളുടെ ട്രൈ ജംഗ്ഷനായ അബുജ്മദ് വനത്തിലാണ് ഏറ്റുമുട്ടൽ നടന്നത്. സംഭവ സ്ഥലത്ത് നിന്ന് ആയുധങ്ങളും മറ്റ് സാമഗ്രികളും പൊലീസ് പിടിച്ചെടുത്തു. ഏഴ് പേരുടെയും മൃതദേഹങ്ങൾ കണ്ടെടുത്തതായി പൊലീസ് അറിയിച്ചു.

ഈ മാസം 10 നും ഏറ്റുമുട്ടലിൽ 12 മാവോയിസ്റ്റുകളെ വധിച്ചിരുന്നു.

✪✪✪

സംസ്ഥാനത്ത് വയോജന കമ്മീഷൻ സ്ഥാപിക്കുന്നത് സംബന്ധിച്ച നിയമനിർമ്മാണത്തിന് പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്ന് മന്ത്രി ഡോ. R ബിന്ദു പറഞ്ഞു. സംസ്ഥാന വയോജന കൗൺസിൽ, ജില്ലാതല വയോജന കമ്മിറ്റി എന്നിവയിലേക്ക് തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കായി സംഘടിപ്പിച്ച പരിശീലന പരിപാടി തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും സംരക്ഷണവും സംബന്ധിച്ച നിയമം സംസ്ഥാനത്ത് കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കുന്നത് ഉറപ്പാക്കുമെന്നും മന്ത്രി പറഞ്ഞു.

തിരുവനന്തപുരം മുതൽ എറണാകുളം വരെ ജില്ലകളിലെ അംഗങ്ങൾക്കാണ് വ്യാഴാഴ്ച പരിശീലനം നൽകിയത്.

✪✪✪

കണ്ണൂർ ജില്ലയിൽ മഞ്ഞപ്പിത്തരോഗം ബാധിക്കുന്നവരുടെ എണ്ണം കൂടി വരുന്ന സാഹചര്യത്തിൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യവകുപ്പ് അറിയിച്ചു. ഈ വർഷം ഇതുവരെ 150 ഓളം മഞ്ഞപ്പിത്ത കേസുകൾ റിപ്പോർട്ട് ചെയ്തതായും ചപ്പാരപ്പടവ് പഞ്ചായത്തിൽ രോഗ ബാധിതരുടെ എണ്ണത്തിൽ വലിയ വർധനവുണ്ടായിട്ടുണ്ടെന്നും ഡെപ്യൂട്ടി DMO ഡോ. കെ.സി. സച്ചിൻ അറിയിച്ചു.

✪✪✪

IPL ക്രിക്കറ്റിൽ രണ്ടാം ക്വാളിഫയറിൽ ഇന്ന് രാജസ്ഥാൻ റോയൽസ് സൺറൈസേഴ്സ് ഹൈദരാബാദുമായി ഏറ്റുമുട്ടും. രാത്രി ഏഴരക്ക് ചെന്നൈ ചിദംബരം സ്റ്റേഡിയത്തിലാണ് മത്സരം.

മത്സരത്തിലെ വിജയികൾ മറ്റന്നാൾ ചെന്നൈയിൽ നടക്കുന്ന ഫൈനലിൽ കൊൽക്കത്ത നൈറ്റ് റൈഡേഴ്സിനെ നേരിടും .

✪✪✪

ക്വാലാലംപൂരിൽ മലേഷ്യ മാസ്റ്റേഴ്സ് ബാഡ്മിന്റൺ ടൂർണമെന്റിന്റെ വനിതാ സിംഗിൾസിൽ  ഇന്ത്യൻ താരങ്ങളായ P.V സിന്ധുവും, അഷ്മിത ചാലിഹയും ക്വാർട്ടർ ഫൈനലിൽ പ്രവേശിച്ചു.

പ്രീ ക്വാർട്ടറിൽ സിന്ധു ദക്ഷിണ കൊറിയയുടെ യു ജിൻ സിമ്മിനെയും, അഷ്മിത അമേരിക്കയുടെ ബെയ്‌വെൻ ഷാങ്ങിനെയും  പരാജയപ്പെടുത്തി.

പുരുഷ സിംഗിൾസ് പ്രീക്വാർട്ടറിൽ കിരൺ ജോർജ് മലേഷ്യൻ താരത്തോട് തോറ്റു. പുരുഷ ഡബിൾസ് പ്രീക്വാർട്ടറിൽ ഇന്ത്യയുടെ സായ് പ്രതീക്- കൃഷ്ണ പ്രസാദ് ഗരാഗ സഖ്യവും ചൈനീസ് ജോഡികളോട് തോറ്റു.

✪✪✪

FIH പ്രോ ലീഗ്  ഹോക്കിയിൽ ഇന്ത്യൻ  പുരുഷ, വനിതാ ടീമുകൾ ബെൽജിയത്തോട് തോറ്റു. പുരുഷ വിഭാഗത്തിൽ10 കളികളിൽ നിന്ന് 17 പോയിന്റുമായി ഇന്ത്യ മൂന്നാം സ്ഥാനത്തും ആറ് കളികളിൽ ആറ് പോയിന്റുമായി ബെൽജിയം ഏഴാം സ്ഥാനത്തുമാണ്.

PFIH പ്രോ ലീഗിൽ ഇന്ത്യൻ വനിതാ ടീമിന്റെ  തുടർച്ചയായ  രണ്ടാം തോൽവിയാണിത്.

✪✪✪

മൃഗസംരക്ഷണവകുപ്പിന്റെ മണർകാട് പ്രാദേശിക കോഴി വളർത്തൽ കേന്ദ്രത്തിൽ പക്ഷിപ്പനി സ്ഥിരീകരിച്ചതായി കോട്ടയം ജില്ലാ കളക്ടർ V. വിഗ്നേശ്വരി അറിയിച്ചു.

പക്ഷിപ്പനി സ്ഥിരീകരിച്ച സ്ഥലത്തിന് ഒരു കിലോമീറ്റർ ചുറ്റളവ് പക്ഷിപ്പനി ബാധിത മേഖലയായി പ്രഖ്യാപിച്ചു. ഈ മേഖലയിലെ  എല്ലാ വളർത്തു പക്ഷികളെയും മൃഗസംരക്ഷണവകുപ്പിന്റെ മേൽനോട്ടത്തിൽ അടിയന്തരമായി ദയാവധം ചെയ്ത്  ശാസ്ത്രീയമായി സംസ്കരിക്കുമെന്നും കളക്ടർ അറിയിച്ചു.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമിയിൽ പരിശീലനം പൂർത്തിയാക്കിയ കേഡറ്റുകളുടെ  പാസിംഗ് ഔട്ട് പരേഡ് നാളെ നടക്കും. വ്യോമസേന മേധാവി എയർ ചീഫ് മാർഷൽ വിവേക് റാം ചൗധരി പരേഡിൽ മുഖ്യാതിഥിയായി പങ്കെടുത്ത് അഭിവാദ്യം സ്വീകരിക്കും. പരേഡിന് മുന്നോടിയായി ഇന്നലെ നടന്ന ഔട്ട്ഡോർ ട്രെയിനിങ് പ്രദർശനത്തിൽ കാഡറ്റുകളുടെ വിവിധ സാഹസിക പ്രകടനങ്ങൾ അവതരിപ്പിച്ചു.

✪✪✪

കണ്ണൂർ രാജ്യാന്തര വിമാനത്താവളം വഴി ഹജ്ജിനു പോകുന്നവർക്കായി ഈ മാസം 31-ന് ഹജ്ജ് ക്യാമ്പ് ആരംഭിക്കും. ജൂൺ ഒന്ന് മുതൽ 10 വരെ സൗദി അറേബ്യൻ എയർലൈൻസിന്റെ ഒമ്പത് സർവീസുകൾ നടത്തും. 3,261 പേരാണ് കണ്ണൂരിൽ നിന്ന് യാത്ര ചെയ്യുക. ജൂൺ ഒന്നിന് പുലർച്ചെ 5.55 നാണ് ആദ്യ സർവീസ്.

✪✪✪

കണ്ണൂർ കൊട്ടിയൂർ വൈശാഖോത്സവത്തിന് തിരക്കേറി. ഗജവീരൻമാരുടെ അകമ്പടിയോടെ ഇത്തവണത്തെ ആദ്യ ശീവേലി ഇന്നലെ നടന്നു. സ്ത്രീകളുൾപ്പെടെ നിരവധി പേർ അക്കരെ കൊട്ടിയൂരിൽ ദർശനം നടത്തി.

ഈ മാസം 29-ന് ആദ്യത്തെ ആരാധനയായ തിരുവോണം ആരാധനയും ഇളനീർവെപ്പും നടക്കും.

✪✪✪

മലപ്പുറം ഭാഗത്ത് നിന്ന് കോഴിക്കോട് നഗരത്തിലേക്ക് വരുന്ന ബസുകൾ മിനി ബൈപ്പാസ്, റയിൽവേ സ്റ്റേഷൻ എന്നിവയിൽ ഏത് റൂട്ട് തിരഞ്ഞെടുക്കണം എന്നത് സംബന്ധിച്ച് നാറ്റ്പാക്കിനെ കൊണ്ട് പഠനം നടത്തണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവിട്ടു. 50 കിലോമീറ്റർ ദൂരത്തിൽ യാത്ര ചെയ്ത് മലപ്പുറം ഭാഗത്ത് നിന്നു വരുന്ന ബസുകൾ റയിൽവേ സ്റ്റേഷൻ വഴി പോകണമെന്ന മനുഷ്യാവകാശ കമ്മീഷൻ ഉത്തരവ് പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജിയിലാണ് കമ്മീഷൻ ആക്റ്റിങ് ചെയർപേഴ്സണും ജുഡീഷ്യൽ അംഗവുമായ K. ബൈജുനാഥിന്റെ ഉത്തരവ്. ഇരു റൂട്ടുകളിലെയും ഗതാഗത തിരക്ക് പഠിച്ച് യാത്രക്കാരുടെ നിലവിലെയും ഭാവിയിലെയും ആവശ്യങ്ങൾ കണക്കാക്കി ഡാറ്റ തയ്യാറാക്കിയ ശേഷം RTA യോഗത്തിൽ സമർപ്പിച്ച് ഉചിതമായ തീരുമാനമെടുക്കാൻ കമ്മീഷൻ RTO ക്ക് നിർദ്ദേശം നൽകി.

✪✪✪